# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5380
# 01.07.2014 ലെ മറുപടിക്ക്
## എം.എൽ.എ-എസ്.ഡി.എഫ് പ്രവൃത്തികൾ ഇൻസ്പെക്ഷൻ/മോണിറ്ററിംഗ് നടത്താൻ വ്യവസ്ഥ

| ചോദ്യം.<br>ശ്രീ. കെ. ദാസൻ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി |
|---|---|---|
| (എ) | എം.എൽ.എ-എസ്.ഡി.എഫ് പ്രവൃത്തികൾ ഇൻസ്പെക്ഷൻ/ മോണിറ്ററിംഗ് നടത്താൻ നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളത്; വിശദമാക്കുമോ ; | എം.എൽ.എ-എസ്.ഡി.എഫ് പ്രവൃത്തികളുടെ മേൽനോട്ടം/നിർവ്വഹണം എന്നിവ ടി ഫണ്ടിന്റെ നോഡൽ ഓഫീസറായ ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ആയതിനാൽ ടി ഫണ്ടിൻ കീഴിൽ വർഷം തോറുമുള്ള ആകെ പ്രവൃത്തികളുടെ 10% ജില്ലാ കളക്ടർമാർ പരിശോധിക്കേണ്ടതാണെന്ന് ഉത്തരവ് ജി.ഒ.(പി)നം.247/2004/ധന 27.05.2004 ൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ടി ഫണ്ടിൻ കീഴിലുള്ള പ്രവൃത്തികൾ വേഗത്തിലും സമയബന്ധിതമായും പൂർത്തിയാക്കുന്നതിലേക്കായി ജി.ഒ.(പി)നം. 518/09/ധന 20/11/2009 ഉത്തരവ് പ്രകാരവും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കൂടാതെ എം.എൽ.എ-എസ്.ഡി.എഫിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണോ പ്രവൃത്തികൾ നടത്തുന്നതെന്ന് എല്ലാ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗവും പരിശോധന നടത്തേണ്ടതും ആയത് സംബന്ധിച്ച് മൂന്ന് മാസത്തിലൊരിക്കൽ ധനകാര്യ വകുപ്പിന് പരിശോധന റിപ്പോർട്ട് നൽകണമെന്ന് എല്ലാ ധനകാര്യ പരിശോധന വിഭാഗത്തിനും 04/06/2013 ലെ നം.50/2013/ധന. സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ പ്രവൃത്തി പൂർത്തിയായിട്ട് സമയബന്ധിതമായി ഇൻസ്പെക്ഷൻ നടക്കാത്തതിനാൽ മറ്റ് | കോഴിക്കോട് ജില്ലയിൽ പ്രവൃത്തി പൂർത്തിയായിട്ട് സമയബന്ധിതമായി ഇൻസ്പെക്ഷൻ നടക്കാത്തതിനാൽ മറ്റ് |

| | | |
|---|---|---|
| | നടപടികൾ നീങ്ങാത്ത പ്രവൃത്തികൾ കൂടുതലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നടപടികളിലേക്ക് നീങ്ങാത്ത പ്രവൃത്തികളുടെ എണ്ണം വളരെ കൂടുതലായിട്ടില്ല. |
| (സി) | കോഴിക്കോട് ജില്ലയിൽ ഇങ്ങനെ തീർപ്പാകാത്ത എത്ര പ്രവൃത്തി കളുണ്ടെന്നത് പ്രവൃത്തി, ഏത് വർഷത്തെ പ്രവൃത്തി, നിയോജകമണ്ഡലം എന്നിവ സഹിതം വിശദമാക്കുമോ; | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ പ്രവൃത്തികൾ ഇൻസ്പെക്ഷൻ പൂർത്തിയാക്കി നടപടികൾ എന്ന് പൂർത്തിയാകും എന്നത് വ്യക്തമാക്കുമോ ; | ഇൻസ്പെക്ഷൻ നടപടികൾ വൈകിയത്, പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥർ പൊതുതെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികളിൽ ഏർപ്പെട്ടതിനാലാണ്. അവശേഷിക്കുന്ന എല്ലാ പ്രവൃത്തികളുടെയും ഇൻസ്പെക്ഷൻ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതാണ്. |
| (ഇ) | സമയബന്ധിതമായി കരാറുകാരുടെ ബിൽ പെയ്മെന്റ് നടക്കാത്തതിനാൽ എം.എൽ.എ-എസ്.ഡി.എഫ് പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ മുന്നോട്ടുവരാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതു കാരണം എം.എൽ.എ-എസ്.ഡി.എഫ് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ തടസ്സവും കാലതാമസ്സവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് പരിഹാരം കാണാൻ അടിയന്തിര നടപടികളുണ്ടാകുമോ ? | കരാറുകാരുടെ ബിൽ പെയ്മെന്റ് സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ എം.എൽ.എ-എസ്.ഡി.എഫ് പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എൽ.എ-എസ്.ഡി.എഫ് പ്രവൃത്തികൾ കാലതാമസം വരാത്ത രീതിയിൽ പൂർത്തിയാക്കുന്നതിന് മുന്തിയ പരിഗണന നല്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വർഷം | നിയോജക മണ്ഡലം |
|---|---|---|---|
| 1 | കെട്ടിട നിർമ്മാണം ഗവ.യു.പി.സ്കൂൾ തൃക്കുറ്റിശ്ശേരി | 2011-12 | ബാലുശ്ശേരി |
| 2 | ഉരിക്കുന്ന്-കാപ്പിക്കുന്ന് റോഡ്, പനങ്ങാട് പഞ്ചായത്ത് | 2011-12 | ബാലുശ്ശേരി |
| 3 | കല്ലാമല പൊന്നാംകണ്ടി മുക്ക്-നടക്കണ്ടി മുക്ക് റോഡ് | 2012-13 | വടകര |
| 4 | മുരുകൻ ടാക്കീസ് റോഡ്, അഴിയൂർ ഗ്രാമ പഞ്ചായത്ത് | 2012-13 | വടകര |
| 5 | പുനത്തിൽ മുക്ക്-കോട്ടയിൽ റോഡ് | 2012-13 | വടകര |
| 6 | മന്ദൻമുക്ക്-കീരാംകൈ റോഡ് | 2013-14 | കൊയിലാണ്ടി |
| 7 | മുച്ചുകുന്ന്-പുളിയഞ്ചേരി എൽ.പി.സ്കൂൾ റോഡ് | 2013-14 | കൊയിലാണ്ടി |
| 8 | വൻമുഖം ജി.യു.പി.എസ് ലൈബ്രറി കെട്ടിട നിർമ്മാണം | 2011-12 | കൊയിലാണ്ടി |
| 9 | നടുക്കണ്ടി പാറ-നൊച്ചാട് പി.എച്ച്.സി. റോഡ് | 2011-12 | പേരാമ്പ്ര |
| 10 | മുതുകാട് കലക്ടീവ് ഫാം ഗവ.എൽ.പി.സ്കൂൾ | 2013-14 | പേരാമ്പ്ര |
| 11 | മാടപ്പറമ്പ് ചെറുകറശ്ശി നീലം റോഡ് | 2010-11 | കോഴിക്കോട്-1 |

സെക്ഷൻ ഓഫീസർ